പരപ്പനങ്ങാടി തെങ്ങിൻ തൈ ഉൽപ്പാദന കേന്ദ്രത്തിന്റെ പ്രവർത്തനം

143(1971) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടിയിലെ തെങ്ങിൻതൈ ഉൽപ്പാദനകേന്ദ്രത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര തെങ്ങിൻ തൈ വീതം ഉൽപ്പാദിപ്പിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ ഉൽപ്പാദിപ്പിക്കുന്ന തെങ്ങിൻ തൈകൾ എവിടെയൊക്കെയാണ് വിതരണം ചെയ്യുന്നത്;

(സി) ഇവിടേക്ക് ആവശ്യമായ വിത്തുതേങ്ങ ഏത് ഏജൻസി മുഖേനയാണ് വാങ്ങുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) തെങ്ങിൻതൈ ഉൽപ്പാദനം ഓരോ വർഷവും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(ഇ) എങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടുപിടിച്ചു സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഉല്പാദിപ്പിച്ച തെങ്ങിൻതൈകളുടെ എണ്ണം താഴെ കൊടുക്കുന്നു.

1997	- 2,07,255
1998	- 1,80,266
1999	- 74,341

(ബി) ഇവിടെ ഉല്പാദിപ്പിക്കുന്ന തെങ്ങിൻതൈകൾ മറ്റു നഴ്സറികളിലെന്ന പോലെ വിവിധ ജില്ലകളിലെ കൃഷിഭവനുകൾ മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നു. നല്ലൊരു പങ്ക് തൈകൾ മലപ്പുറം ജില്ലയിലെ കൃഷിഭവനുകൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

(സി) തെങ്ങിൻതൈ ഉല്പാദനത്തിനാവശ്യമായ ഗുണമേന്മയുള്ള വിത്തു തേങ്ങകൾ കേന്ദ്രീകൃതമായി കാറ്റുവീഴ്ച രോഗവിമുക്ത പ്രദേശങ്ങളിൽനിന്നും സംഭരിച്ച് വിവിധ നഴ്സറികൾക്ക് വിതരണം ചെയ്യുന്നതിനായി പ്രത്യേക പദ്ധതി നിലവിലുണ്ട്. ഇതിനായി വടകര, മലപ്പുറം, ചാവക്കാട്, കണ്ണൂർ എന്നീ പ്രദേശങ്ങളിലെ വിത്തുതേങ്ങാ സംഭരണ ചുമതലയുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ കീഴിലുള്ള ഫീൽഡ്തല ഉദ്യോഗസ്ഥരാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇങ്ങനെ സംഭരിക്കുന്ന വിത്തുതേങ്ങകളിൽ നിന്നുമാണ് പരപ്പനങ്ങാടി തെങ്ങിൻതൈ കേന്ദ്രത്തിനും വിത്തുതേങ്ങകൾ അനുവദിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) കഴിഞ്ഞ കാലങ്ങളിൽ ആവശ്യത്തിലധികം തൈകൾ ഉല്പാദിപ്പിച്ച് കൃഷിഭവനുകളിൽ നിർബന്ധിച്ച് ഏൽപ്പിച്ചതുകാരണം തൈകൾ നശിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഇപ്പോൾ കൃഷിഭവനുകളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ തൈകൾ ഉല്പാദിപ്പിക്കാനുമുള്ള ആവശ്യാനുസരണം തൈകൾ ഉല്പാദിപ്പിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly